# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ആഗസ്റ്റ് 18 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

## കൃഷി ചെയ്യുക പൊതു സമൂഹത്തിന്റെ കടമ : ഗവ. ചീഫ് വിപ്പ് കെ രാജൻ

കൃഷി പൊതു സമൂഹത്തിന്റെ കടമയായി മാറ്റുകയാണ് ലക്ഷ്യമെന്ന് ഗവ. ചീഫ് വിപ്പ് കെ രാജൻ. കർഷകദിനം ഒല്ലൂർ മണ്ഡലം തല ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷി കർഷകന്റെ മാത്രം കടമയാണ് എന്ന കാഴ്ചപ്പാട് മാറി വരേണ്ട സാഹചര്യമാണ്. കോവിഡ് 19 മഹാമാരി നമുക്ക് അതാണ് പഠിപ്പിച്ചു തരുന്നത്. സംസ്ഥാന സർക്കാർ തീരുമാനം പോലെ എല്ലാവരും കൃഷിക്കാരാകുക എല്ലായിടവും കൃഷിയിടങ്ങളാക്കുക എന്ന ലക്ഷ്യം നമുക്ക് കൈവരിക്കാൻ സാധിക്കണം-ചീഫ് വിപ്പ് പറഞ്ഞു. കർഷകർക്ക് സമൂഹത്തിൽ അർഹമായ പരിഗണന ലഭിക്കാതെ പോകുന്ന കാലഘട്ടത്തിൽ നിന്ന് വലിയ മാറ്റം ഉണ്ടായിരിക്കുന്നു. അതിന്റെ വലിയ ഉദാഹരണമാണ് യുവജനങ്ങൾ പോലും വലിയ തോതിൽ കൃഷിമേഖലയിലേക്ക് കടന്നു വരുന്നത്. ഒല്ലൂർ മണ്ഡലത്തിന്റെ കൃഷി മേഖലയിൽ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ ഒല്ലൂർ കൃഷി സമൃദ്ധി പദ്ധതി കൊണ്ട് സാധിച്ചതിൽ അഭിമാനമുണ്ട്. കർഷകർ ഉത്പാദിപ്പിക്കുന്ന വിളകൾ സ്വീകരിച്ച് വിൽപ്പന നടത്തുകയും അതിന്റെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉൾപ്പെടെ വിൽപ്പന നടത്തുക വഴി കർഷകർക്ക് വലിയ സഹായമാകുകയുമാണ് ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നത്. വിത്തു മുതൽ വിപണി വരെ എന്നുള്ളതാണ് ലക്ഷ്യം. മണ്ഡലത്തെ തരിശു രഹിതമാക്കുന്നതിന്റെ പ്രവർത്തനങ്ങൾ വലിയ രീതിയിൽ പൂർത്തിയായി വരുന്നതായും അദ്ദേഹം പറഞ്ഞു. നടത്തറ ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി കെ വിജയൻ സ്വാഗതവും, പഞ്ചായത്ത് പ്രസിഡന്റ് അഡ്വ പി ആർ രജിത്ത് അധ്യക്ഷതയും വഹിച്ചു. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഐ എസ് ഉമദേവി മുഖ്യാതിഥിയായി. ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷീന ഷാജു, പഞ്ചായത്ത് വൈസ് പ്രസിഡന്റ് വത്സല, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ആശ വിശ്വനാഥ്, മെമ്പർമാരായ ശ്രീവിദ്യ, കെ എൻ വിജയകുമാർ, മധു ഉണ്ണികൃഷ്ണൻ, രാജി സന്തോഷ്, രാജി ടീച്ചർ എന്നിവർ പങ്കെടുത്തു.

# വായ്പ പദ്ധതികൾക്ക് അപേക്ഷിക്കാം

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതിക്ക് ജില്ലയിലെ പട്ടിക വർഗത്തിൽപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. 1,50,000 രൂപ, മൂന്ന് ലക്ഷം രൂപ എന്നിങ്ങനെ പദ്ധതി തുകയുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതിയ്ക്കാണ് അപേക്ഷകൾ ക്ഷണിച്ചത്. അപേക്ഷകർ 18 നും 55 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം. കുടുംബ വാർഷികവരുമാനം മൂന്നു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. പദ്ധതി പ്രകാരം അനുവദനീയമായ വായ്പാ തുകയ്ക്കുള്ളിൽ വിജയസാധ്യതയുള്ള ഏതൊരു സ്വയംതൊഴിൽ പദ്ധതിയിലും (കൃഷിഭൂമി വാങ്ങൽ /മോട്ടോർ വാഹനം വാങ്ങൽ ഒഴികെ) ഗുണഭോക്താവിന് ഏർപ്പെടാം. വായ്പാതുക ആറുശതമാനം പലിശ സഹിതം അഞ്ചുവർഷംകൊണ്ട് തിരിച്ചടയ്ക്കണം. തിരഞ്ഞെടുക്കപ്പെടുന്നവർ കോർപ്പറേഷൻ നിബന്ധനകൾക്കനുസരിച്ച് ആവശ്യമായ ഉദ്യോഗസ്ഥ ജാമ്യമോ അല്ലെങ്കിൽ സ്വന്തം പേരിലുള്ള ഭൂമിയുടെ ജാമ്യമോ ഹാജരാക്കണം. അപേക്ഷാ ഫോറത്തിനും വിശദ വിവരങ്ങൾക്കും തൃശൂർ രാമനിലയത്തിന് സമീപമുള്ള കോർപ്പറേഷന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ - 0487 2331556

# മുഖം മിനുക്കി കനാൽ ഓഫീസ് കടവ്; തീർത്ഥാടകരെ വരവേൽക്കാനൊരുങ്ങി തിരുവഞ്ചിക്കുളം ബോട്ട് ജെട്ടി

ഒരുകാലത്ത് കനോലി കനാലിലൂടെ സഞ്ചരിച്ചിരുന്ന വഞ്ചികളുടെയും വള്ളങ്ങളുടെയും ചുങ്കം പിരിച്ചിരുന്ന പുരാതനമായ തിരുവഞ്ചിക്കുളം കനാൽ ഓഫീസിന്റെ കടവ് ഇനി മുതൽ തീർത്ഥാടകരെയും ടൂറിസ്റ്റുകളെയും വരവേൽക്കും. മുസിരിസ് ജലപാതയുടെ ഭാഗമായാണ് പൗരാണികമായ തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ ബോട്ട് ജെട്ടി ഉയർന്നത്. 15 ബോട്ട് ജെട്ടികളാണ് മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ പതിമൂന്നാമത്തെ ബോട്ട് ജെട്ടിയാണ് തിരുവഞ്ചിക്കുളത്ത് അഡ്വ വി ആർ സുനിൽകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തത്. ഗോതുരുത്ത് വലിയ പള്ളി, പള്ളിപ്പുറം, അഴീക്കോട് മാർത്തോമ്മ, ഗോതുരുത്ത് ചെറിയ പള്ളി, കോട്ടയിൽ കോവിലകം, കോട്ടപ്പുറം കോട്ട, സഹോദരൻ അയ്യപ്പൻ സ്മാരകം, ചേന്ദമംഗലം, പറവൂർ മാർക്കറ്റ്, കോട്ടപ്പുറം ചന്ത എന്നിവയാണ് മറ്റു ജെട്ടികൾ. ബാക്കി വരുന്ന രണ്ട് ബോട്ട് ജെട്ടികൾ അഴീക്കോട് മുനയ്ക്കൽ ബീച്ച്, മതിലകം ബംഗ്ലാവ് കടവ്, എന്നിവിടങ്ങളിലായി പൂർത്തിയാക്കും. 40 ലക്ഷം രൂപയാണ് തിരുവഞ്ചിക്കുളം ബോട്ട് ജെട്ടിയുടെ നിർമ്മാണത്തിനായി അനുവദിച്ചത്. എന്നാൽ 33,92,661 രൂപയ്ക്ക് കരാറുകാരൻ പണി ഏറ്റെടുത്ത്, 32,87,304 രൂപയ്ക്ക് പ്രവൃത്തി പൂർത്തീകരിച്ചു.

തിരുവഞ്ചിക്കുളത്ത് എത്തുന്ന തീർഥാടകർക്കും ടൂറിസ്റ്റുകൾക്കും വിപുലമായ സൗകര്യങ്ങൾ ഒരുക്കി നൽകി കൊണ്ടാണ് ബോട്ട് ജെട്ടിയുടെ പ്രവർത്തനം. ചുങ്കം പിരിച്ചിരുന്ന പഴയ തിരുവഞ്ചിക്കുളം കനാൽ ഓഫീസും പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തിയതോടെ നൂറ്റാണ്ടുകൾ പഴക്കമുള്ള ഓഫീസിന്റെ പുനർ നിർമ്മാണവും പുരോഗമിക്കുന്നുണ്ട്. രണ്ട് കോടി രൂപയാണ് കനാൽ ഓഫീസിന്റെ പുനർ നിർമ്മാണത്തിനായി ചെലവഴിക്കുക. 40 സെന്റിൽ ഇരുനിലകളിലായി 4000 ചതുരശ്ര അടി വിസ്തീർണത്തിലാണ് നിർമ്മാണം. ക്ഷേത്രദർശനത്തിനെത്തുന്നവർക്ക് വിശ്രമിക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തും. ആദ്യകാലത്ത് കൊച്ചി രാജാവും കുടുംബവും ക്ഷേത്രദർശനത്തിന് എത്തുമ്പോൾ വിശ്രമിച്ചിരുന്ന ബംഗ്ലാവാണ് നികുതി പിരിക്കുന്ന ഓഫീസാക്കി പിന്നീട് മാറ്റിയത്.

മുസിരിസ് ഹെറിറ്റേജ് ആന്റ് സ്പൈസ് റൂട്ട് പദ്ധതിയുടെ രണ്ടാം ഘട്ട നവീകരണത്തിനായി സർക്കാർ കൊടുങ്ങല്ലൂർ പ്രദേശത്ത് അഞ്ച് ബോട്ട് ജെട്ടി കെട്ടിട നിർമ്മാണത്തിനും ചരിത്രാധീതമായ ഇടങ്ങൾക്കും 2.25 കോടി രൂപ ധനസഹായം നൽകിയിരുന്നു. അഴീക്കോട്, മാർത്തോമ പള്ളി, തിരുവഞ്ചിക്കുളം, പള്ളിപ്പുറം കോട്ട, ഗോതുരുത്ത് വലിയ പള്ളി, വടക്കൻ പറവൂരിന് സമീപം കുറ്റിചിറ എന്നീ ബോട്ട് ജെട്ടികൾക്കാണ് തുക അനുവദിച്ചത്. ഇതിൽ കുറ്റിച്ചിറ ബോട്ട് ജെട്ടിയ്ക്ക് പകരമാണ് അഴീക്കോട് മുനയ്ക്കൽ, മതിലകം ബംഗ്ലാവ് എന്നിവിടങ്ങളിലായി രണ്ട് ബോട്ട് ജെട്ടികൾ ഉയരുന്നത്. കൊടുങ്ങല്ലൂരിലെ എല്ലാ

ചരിത്രസ്മാരകങ്ങളും ജലമാർഗ്ഗം വഴി ബന്ധിപ്പിക്കുവാൻ ഇതുവഴി സാധിക്കും. ഇറിഗേഷൻ വകുപ്പിനാണ് നിർമ്മാണചുമതല.

കൊടുങ്ങല്ലൂർ നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇറിഗേഷൻ വകുപ്പ് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഹമ്മദ്, നഗരസഭ വൈസ് ചെയർപേഴ്സൺ ഹണി പീതാംബരൻ, തിരുവഞ്ചിക്കുളം ക്ഷേത്രം ഉപദേശക സമിതി പ്രസിഡന്റ് സത്യധർമ്മൻ അടികൾ, സെക്രട്ടറി രഘുനാഥനുണ്ണി, മുസിരിസ് പൈതൃക പദ്ധതി എം ഡി പി എം നൗഷാദ്, മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിൻ, വാർഡ് കൗൺസിലർമാർ എന്നിവർ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്:

***1) തിരുവഞ്ചിക്കുളം ബോട്ട് ജെട്ടി അഡ്വ വി ആർ സുനിൽകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു***

***2) മുസിരിസ് ജലപാതയുടെ ഭാഗമായ തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രത്തിന്റെ കിഴക്കേനടയിലെ ബോട്ട് ജെട്ടി***

# അന്തിക്കാട് തരിശ് രഹിത ബ്ലോക്ക് പഞ്ചായത്ത്; പ്രഖ്യാപനം 20ന്

കേരളത്തിലെ ആദ്യത്തെ തരിശ് രഹിത ബ്ലോക്ക് പഞ്ചായത്തായി അന്തിക്കാട്. ആഗസ്റ്റ് 20ന് വൈകീട്ട് 2.30 ന് ചാഴൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് ഓൺലൈനായി മുഖ്യമന്ത്രി പിണറായി വിജയൻ അന്തിക്കാട് തരിശുരഹിത ബ്ലോക്ക് പഞ്ചായത്തായി പ്രഖ്യാപിക്കും. കൃഷി മന്ത്രി വി.എസ്.സുനിൽകുമാർ അധ്യക്ഷനാകും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ സുഭിക്ഷ കേരളം ഗ്രൂപ്പുകൾക്കുള്ള സബ്സിഡി വിതരണം ചെയ്യും. ടി.എൻ. പ്രതാപൻ എം.പി, എം എൽ എമാരായ ഗീതാഗോപി, മുരളി പെരുനെല്ലി, ജില്ലാ കളക്ടർ എസ്. ഷാനവാസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.സി ശ്രീദേവി എന്നിവർ മുഖ്യാഥിതികളാകും.

# എളവള്ളിയിൽ സ്റ്റാർട്ടപ്പ് കെട്ടിടം യാഥാർത്ഥ്യമായി

എളവള്ളി പഞ്ചായത്തിൽ സംരംഭകർക്കുള്ള സ്റ്റാർട്ടപ്പ് കെട്ടിടം യാഥാർത്ഥ്യമായി. എളവള്ളി ചിറ്റാട്ടുകരയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ നിർമ്മാണം മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പൂർത്തീകരിച്ചത്. സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. മൂന്ന് മുറികളോടും രണ്ട് ടോയ്‌ലറ്റുകളോടും കൂടി നിർമ്മിച്ച കെട്ടിടത്തിന്റെ പ്രവർത്തികൾ എട്ട് മാസത്തിനുള്ളിൽ 12,955,91 രൂപ ചിലവഴിച്ചാണ് പൂർത്തീകരിച്ചത്. കെട്ടിടത്തിന്റെ ഉദ്ഘാനം മുരളി പെരുനെല്ലി എം എൽ എ നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതി വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. എളവള്ളി പഞ്ചായത്ത് പ്രസിഡൻറ് യു കെ ലതിക മുഖ്യാതിഥിയായി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി കെ രവീന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി എസ് ഷാജു, ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ സി കെ സജീവൻ എന്നിവർ സംസാരിച്ചു.

***ഫോട്ടോ അടിക്കുറുപ്പ് : എളവള്ളിയിൽ പണി പൂർത്തിയായ സംരംഭകർക്കുള്ള സ്റ്റാർട്ടപ്പ് കെട്ടിടത്തിന്റെ ഉദ്ഘാടനം മുരളി പെരുനെല്ലി എം എൽ എ നിർവ്വഹിക്കുന്നു***

# ക്വട്ടേഷൻ

തൃശൂർ ജില്ലാ പ്ലാനിംഗ് ഓഫീസിന്റെ ഉപയോഗത്തിനായി 4 സീറ്റ് ടാക്സി പ്രതിമാസ വാടകയിൽ ഡ്രൈവർ ഉൾപ്പെടെ മൂന്ന് മാസത്തേക്ക് ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 24 വൈകീട്ട് 3 മണി. ഫോൺ: 0487 2360672.

# പ്ലസ് വൺ പ്രവേശനം:
# മൊബൈൽ നമ്പർ തിരുത്താൻ അവസരം

പ്ലസ് വൺ ഏകജാലകം പ്രവേശന നടപടികളുടെ അപേക്ഷാ സമയത്ത് തെറ്റായ മൊബൈൽ നമ്പർ നൽകിയ വിദ്യാർത്ഥികൾക്ക് നമ്പർ തിരുത്താൻ അവസരം. അപേക്ഷ സമയത്ത് അപേക്ഷകർ രണ്ട് സ്ഥലത്താണ് മൊബൈൽ നമ്പർ നൽകേണ്ടത്. തെറ്റായ നമ്പർ നൽകിയവർക്ക് ഒ.ടി.പി ഉണ്ടാക്കി ക്യാൻഡിഡേറ്റ് ലോഗിൻ ചെയ്ത് പാസ് വേർഡ് സൃഷ്ടിക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ അത്തരം അപേക്ഷകർക്ക് ശരിയായ മൊബൈൽ നമ്പർ നൽകുന്നതിനും അപേക്ഷിച്ചതിന് ശേഷം നമ്പർ മാറിയിട്ടുണ്ടെങ്കിൽ പുതിയ നമ്പർ നൽകുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ പുതിയ സർക്കുലർ ഇറക്കി. ഓഗസ്റ്റ് 20 വരെയാണ് സമയം അനുവദിച്ചത്.

അപേക്ഷകർ അപേക്ഷ നമ്പർ, രജിസ്റ്റർ നമ്പർ, പാസായവർഷം, ജനന തിയതി, ശരിയായ മൊബൈൽ നമ്പർ, അപേക്ഷകനും രക്ഷിതാവും ഒപ്പിട്ട അപേക്ഷ എന്നിവ സ്കാൻ ചെയ്ത് Ictcelldhse@gmail.com എന്ന ഇ മെയിലിൽ അയക്കണം. മെയിലിൽ വരുന്ന മറുപടി അനുസരിച്ച് അപേക്ഷ തിരുത്തൽ വരുത്തുന്നതിനും ക്യാൻഡിഡേറ്റ് ലോഗിൻ ചെയ്ത് പാസ് വേർഡ് ഉണ്ടാക്കുന്നതിനും സാധിക്കും.

അപേക്ഷയിൽ ശരിയായ വിവരങ്ങൾ നൽകിയവർ ട്രയൽ അലോട്ട്മെൻറ് വരുന്ന ആഗസ്റ്റ് 24ന് മുമ്പ് ക്യാൻഡിഡേറ്റ് ലോഗിൻ നടത്തി പാസ് വേർഡ് ഉണ്ടാക്കിയിരിക്കണം. തുടർന്ന് വരുന്ന എല്ലാ പ്രക്രിയകൾക്കും ഈ പാസ്വേഡാണ് ഉപയോഗിക്കേണ്ടത്. എങ്കിൽ മാത്രമേ ട്രയൽ അലോട്ട്മെന്റ് പരിശോധന, ഓപ്ഷൻ മാറ്റൽ, സ്കൂൾ പുനഃക്രമീകരണം, പ്രവേശന സ്ലിപ്പ് ഡൗൺലോഡ് ചെയ്യൽ, ഫീസ് അടക്കൽ എന്നിവ സാധ്യമാകൂ. ക്യാൻഡിഡേറ്റ് ലോഗിൻ നടത്തി പാസ് വേർഡ് കരസ്ഥമാക്കാത്തവർക്ക് മുഖ്യ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിക്കില്ല. ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ട് നേരിടുന്നവർക്ക് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, എസ് എസ് കെ, ബി.ആർസി, യൂ ആർ സി, സന്നദ്ധ സംഘടനകൾ എന്നിവയിലെ ഹെൽപ് ഡെസ ്കുകളെ സമീപിക്കേണ്ടതാണെന്ന് ഹയർ സെക്കന്ററി അക്കാദമിക് കോർഡിനേറ്റർ വി.എം.കരീം അറിയിച്ചു.

# പച്ചക്കറിതൈകൾ വിതരണത്തിനെത്തി

ആർത്താറ്റ് കൃഷിഭവന് കീഴിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി തൈകൾ വിതരണത്തിനെത്തി. വെണ്ട, തക്കാളി, മുളക്, വഴുതിന തൈകളാണ് എത്തിയിട്ടുള്ളത്. ആവശ്യക്കാർ കൃഷിഭവനിൽ നേരിട്ടെത്തി തൈകൾ കൈപ്പറ്റണമെന്ന് ആർത്താറ്റ് കൃഷി ഓഫീസർ അറിയിച്ചു.

# കർഷകർക്ക് ആശ്വാസമായി
# കാർഷിക വിപണന കേന്ദ്രം

കുന്നംകുളത്ത് കർഷകർക്ക് ആശ്വാസമായി കാർഷിക വിപണന കേന്ദ്രം. കുന്നംകുളം കൃഷിഭവൻ, ആർത്താറ്റ് കൃഷി ഭവൻ പരിധിയിലുള്ള കർഷകർക്ക് വിപണന കേന്ദ്രത്തിലൂടെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാം. ആഗസ്റ്റ് 27 ന് വിപണന കേന്ദ്രത്തിൽ ആദ്യത്തെ ആഴ്ചച്ചന്ത ആരംഭിക്കും. മേഖലയിലെ കർഷകരുടെ കാർഷികോൽപ്പന്നങ്ങൾ ഇവിടെ നിന്നു നേരിട്ടു വാങ്ങാം. ഇതോടൊപ്പം ഓണച്ചന്തയും ആരംഭിക്കും. നഗരസഭ ചെയർമാൻ, സി ഡി എസ് ചെയർ പേഴ്സൻ എന്നിവർ കൺവീനറായ കമ്മറ്റിയാണ് കാർഷിക വിപണന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. പ്രദേശത്തെ കർഷകരുടെ ക്ലസ്റ്റർ രൂപീകരിച്ചാണ് ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുക. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, കർഷകർ എന്നിവരും കമ്മിറ്റിയിലുണ്ട്.

***ഫോട്ടോ അടിക്കുറിപ്പ്: കുന്നംകുളത്ത് ആരംഭിച്ച കാർഷിക വിപണന കേന്ദ്രം***

# കയർ ഫെഡ് ഓണം ഡിസ്കൗണ്ട്
# ആഗസ്റ്റ് 17 മുതൽ

ഓണക്കാലത്തെ കയർ ഫെഡ് ഡിസ്കൗണ്ട് ആഗസ്റ്റ് 17 മുതൽ സെപ്റ്റംബർ 30 വരെ തൃശൂർ ഷോറൂമിൽ ലഭ്യമാണ്. ജിഎസ്ടിക്ക് പുറമെ മെത്തകൾക്ക് 50%വും കയർ ഉൽപ്പന്നങ്ങൾക്ക് 20% വരെയുമാണ് കിഴിവ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8281009860, 0487 2323723.

# ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം

കൊറോണ കാലഘട്ടത്തിൽ ക്ഷീര കർഷകർക്ക് സബ്സിഡി അടിസ്ഥാനത്തിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിന്റെ ബ്ലോക്ക് തല ഉദ്ഘാടനം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.വി. കുരിയാക്കോസ് കൈപ്പറമ്പ് ക്ഷീര ഉല്പാദക സംഘത്തിൽ നിർവ്വഹിച്ചു. ക്ഷീരോത്പാദക സംഘം പ്രസിഡന്റ് കെ. മാധവൻ അധ്യക്ഷത വഹിച്ചു. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീബ ഗിരീഷ് മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് അംഗം സുമ ഹരി, പുഴയ്ക്കൽ ബ്ലോക്ക് ഡയറി എക്സ്റ്റൻഷൻ ഓഫീസർ മഞ്ജുഷ, ജില്ല ക്വാളിറ്റി കൺട്രോൾ ഓഫീസർ വീണ, ക്ഷീരോത്പാദക സംഘം സെക്രട്ടറി വിജയലക്ഷ്മി എന്നിവർ സംസാരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: ക്ഷീര കർഷകർക്കുള്ള സബ്സിഡി കാലിത്തീറ്റയുടെ പുഴയ്ക്കൽ ബ്ലോക്ക് തല ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.വി. കുരിയാക്കോസ് നിർവ്വഹിക്കുന്നു***

# തുടരും